*നമ്പർ.ബി 1/ഇ-46713/റ്റി.സി/2018*

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**

*രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,*

[☎0471-2333337/2333317 ഫാക്സ് 0471-2333314]

www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയതി, 05.05.2018.

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും.
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും.
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും.

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — ഫിനാൻസ് ബിൽ 2014 — മോട്ടോർ ക്യാബുകളുടെയും ടൂറിസ്റ്റ് മോട്ടോർ ക്യാബുകളുടെയും - ബാക്കി നികുതി ഈടാക്കുന്നത് - സംബന്ധിച്ച്.

സൂചന :- ജി.ഒ.(പി) നം.13/2018/ട്രാൻസ് തീയതി. 30.04.2018.

സൂചനപ്രകാരമുള്ള സർക്കാർ ഉത്തരവ് ഉള്ളടക്കം ചെയ്യുന്നു. 01/04/2014 മുതൽ രജിസ്റ്റർ ചെയ്തിട്ടുള്ള മോട്ടോർ ക്യാബ്, ടൂറിസ്റ്റ് മോട്ടോർ ക്യാബ് വിഭാഗത്തിൽപ്പെടുന്ന വാഹനങ്ങളിൽ, ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിലൂടെ 15 വർഷത്തെ നികുതിയ്ക്ക് പകരം 5 വർഷത്തെ നികുതി അടച്ചിട്ടുള്ളവർക്ക്, ബാക്കി 10 വർഷത്തെ നികുതി അഡീഷണൽ ടാക്സോ, വാർഷിക പലിശയോ ഇല്ലാതെ, അടയ്ക്കുന്നതിന് 5 ദ്വൈമാസ ഗഡുക്കൾ അനുവദിച്ചുകൊണ്ട് സൂചന പ്രകാരം സർക്കാർ ഉത്തരവായിരിക്കുകയാണ്. ആയതിനാൽ, പ്രസ്തുത വാഹനങ്ങളിൽ, ബാക്കി 10 വർഷത്തെ നികുതി അടയ്ക്കാനുള്ള വാഹനങ്ങളുടെ ലിസ്റ്റ് അടിയന്തിരമായി തയ്യാറാക്കേണ്ടതും അവർ ബാക്കി അടയ്ക്കാനുള്ള നികുതി എത്രയെന്ന് കണക്കാക്കി സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം തവണകൾ അനുവദിക്കേണ്ടതുമാണ്. ഒന്നാമത്തെ ഗഡു അടയ്ക്കേണ്ടത് 10/05/2018 നോ അതിന് മുൻപോ ആകയാൽ, ബാക്കി നികുതി അടയ്ക്കാനുള്ള എല്ലാ വാഹന ഉടമകൾക്കും, അവർ ഓരോ തവണയിലും അടയ്ക്കേണ്ട തുക എത്രയെന്ന് കാണിച്ച് വ്യക്തമായ നോട്ടീസ് അടിയന്തിരമായി തന്നെ നൽകേണ്ടതാണ്. ഏതെങ്കിലും ഒരു തവണയിൽ വീഴ്ച വരുത്തിയാൽ, തവണ വ്യവസ്ഥ നഷ്ടമാകുന്നതും,

ബാക്കി നികുതി തുക 10/05/2018-ൽ ഗ്രേസ് പീരീഡ് അവസാനിച്ച എന്നതിന്റെ അടിസ്ഥാനത്തിൽ അഡീഷണൽ ടാക്സും, ആറുമാസം തികയുന്ന മുറയ്ക്ക് വാർഷിക പലിശയും ഉൾപ്പെടെ വാഹന ഉടമയിൽ നിന്ന് ഈടാക്കേണ്ടതുമാണ്. ഒന്നാമത്തെ തവണ അടച്ചതിനുശേഷം, രണ്ടാമത്തെ തവണ ആണ് വാഹന ഉടമ വീഴ്ച വരുത്തുന്നതെങ്കിൽ, ഒന്നാമത്തെ തവണയിൽ അടച്ച നികുതി കഴിച്ച് ബാക്കി ഇനി അടയ്ക്കാനുള്ള നികുതി തുകയിന്മേലാണ് 10/05/2018 മുതലുള്ള അഡീഷണൽ ടാക്സും, വാർഷിക പലിശയും കണക്കാക്കേണ്ടത്. മേൽത്തരം വാഹനങ്ങളിൽനിന്ന് ലഭിക്കേണ്ടതായ നികുതി പൂർണ്ണമായും ഈടാക്കിയശേഷം മാത്രമേ വാഹനം കൈമാറ്റം ചെയ്യുന്നതിനോ ക്ലാസ് ആൾട്ടർ ചെയ്യുന്നതിനോ അനുമതി നൽകുവാൻ പാടുള്ളൂ. വാഹന ഉടമകൾ മുഴുവൻ നികുതിയും ഒന്നിച്ച് അടയ്ക്കുവാൻ സമീപിക്കുകയാണെങ്കിൽ ടി നികുതിയും സ്വീകരിക്കേണ്ടതുമാണ്.

പ്രസ്തുത സർക്കാർ ഉത്തരവ് സംബന്ധിച്ച് വിവരങ്ങൾ പത്ര, മാദ്ധ്യമങ്ങൾ വഴി, വാഹന ഉടമകളെ അറിയിക്കേണ്ടതും, ഓഫീസുകളിൽ ബോർഡുകൾ പ്രദർശിപ്പിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

05.5.2018

ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ
(എൻഫോഴ്സ്മെന്റ്)
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

5/5/18 5/5/2018

യു.എൽ